दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 00
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-3 )/2025-26/PUB

<u>പ്രസ്സ്റിലീസ്</u>

## യന്ത്രവത്കൃത ടാപ്പിങ് – ആശയങ്ങൾ ക്ഷണിക്കുന്നു

കോട്ടയം
07 ഏപ്രിൽ 2025

റബ്ബർടാപ്പിങ് വളരെയേറെ വൈദഗ്ധ്യം ആവശ്യമായ ഒരു തൊഴിലാണ്. വിദഗ്ധരായ ടാപ്പർമാരുടെ ലഭ്യതക്കുറവുമൂലം ഉത്പാദനക്ഷമമായ പല റബ്ബർതോട്ടങ്ങളും ടാപ്പുചെയ്യാതെ കിടക്കുന്നുണ്ട്. ടാപ്പിങ് യന്ത്രവത്ക്കരിക്കാനുള്ള പല ശ്രമങ്ങളും ഇതിനോടകം നടന്നിട്ടുണ്ടെങ്കിലും ഒന്നും പൂർണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ റബ്ബർബോർഡ് പൊതുജനങ്ങളുടെ സഹകരണത്തോടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടും യന്ത്രവത്കൃത ടാപ്പിങ് പ്രായോഗികമാക്കാൻ ശ്രമിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഫലപ്രദമായ ആശയങ്ങളോ പദ്ധതികളോ പങ്കുവെയ്ക്കാൻ താൽപര്യമുള്ളവർക്ക് തങ്ങളുടെ ആശയങ്ങൾ മുദ്രവച്ച കവറിൽ അടക്കംചെയ്ത് 2025 മെയ് 5-ാം തീയതിക്കകം കിട്ടത്തക്കവിധത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ., കോട്ടയം- 686009 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്. റബ്ബർമേഖലയിലെ ഒരു വിദഗ്ധസംഘം ആശയങ്ങൾ വിലയിരുത്തുന്നതും തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ സമർപിച്ചവർക്ക് അത് വികസിപ്പിച്ചെടുക്കേണ്ടതിലേക്കായി 10 ലക്ഷം രൂപയുടെ സാമ്പത്തികസഹായം നൽകുന്നതുമാണ്.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)